**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതിക്ക് ബജറ്റിൽ അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഓപ്പറേഷൻ ബ്രേക്ക്ത്രൂ പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നാളിതുവരെ ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ? | (എ) | എറണാകുളം ജില്ലയിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പത്ത് കോടി രൂപ പ്രഖ്യാപിച്ചിരുന്നു. മേൽ ആവശ്യത്തിൽ ന്യൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനായി 2022 - 23 സാമ്പത്തിക വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിൽ ടോക്കൻ വിഹിതം അനുവദിച്ചിരുന്നു. "ഓപ്പറേഷൻ ബ്രേക്ക് ത്രൂ" പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 'Kochi flood OBT - OBT Phase IV - Flood Mitigation in Kammattipadam area' എന്ന പ്രവർത്തിയ്ക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതി 24.03.2023 ലെ സ.ഉ. (സാധാ) നം.307/2023/ജ.വി.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്. തുടർന്ന് ഈ പ്രവർത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മുല്ലശ്ശേരി കനാൽ നവീകരണത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ വാട്ടർ സീവേജ് ലൈനുകൾ മാറ്റിയിടുന്ന പ്രവർത്തിയ്ക്കായി 253 ലക്ഷം രൂപയുടെ അധിക ധനാനുമതി അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ